(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ ; എല്ലാ ഓഫീസുകളിലും പുതുതായി തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പുതിയ സെക്ഷൻ ഓഫീസുകളിൽ അനുവദിക്കപ്പെട്ട തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) കാഞ്ഞങ്ങാട് മിനി വൈദ്യുതി ഭവൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2 പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) പെർള, പടന്നക്കാട് എന്നിവയാണ് പുതുതായി അനുവദിച്ച സെക്ഷൻ ഓഫീസുകൾ. എല്ലാ ഓഫീസുകളിലും ഓവർസിയർ, ലൈൻമാൻ, വർക്കർ, സബ് എഞ്ചിനീയർ എന്നീ തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കാഞ്ഞങ്ങാട് മിനി വൈദ്യുതി ഭവനം പ്രീ-ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് പണിയുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കോഴിക്കോട് തലക്കുളത്തൂർ പഞ്ചായത്തിലെ വൈദ്യുത പദ്ധതികൾ

57 (402) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിലെ കെ.എസ്.ഇ.ബി.-യുടെ കൈവശമുള്ള സ്ഥലത്ത് വൈദ്യുതി വകുപ്പിന്റെ എന്തെങ്കിലും പദ്ധതികൾ ആരംഭിക്കാനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്താമോ ;

(ബി) ഈ സാമ്പത്തിക വർഷം തന്നെ പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) തലക്കുളത്തൂർ പഞ്ചായത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ പുതിയ ടി.എം.ആർ. ഡിവിഷൻ സ്ഥാപിക്കുന്നകാര്യം ബോർഡ് പരിശോധിച്ചുവരുന്നു.

പ്രസ്തുത സ്ഥലത്ത് ട്രാൻസ്മിഷൻ വിഭാഗത്തിന്റെ പദ്ധതി നടപ്പാക്കാനുള്ള പഠനവും നടന്നുവരുന്നു.,

കാസർഗോഡ്, ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ ജ്യോതി യോജന

58 (403) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ പദ്ധതിയായ ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ ജ്യോതി യോജന പ്രകാരം (ഡി.ഡി.യു.ജി.ജെ.വൈ.) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ വൈദ്യുതി പ്രവൃത്തികളാണ് നടപ്പാക്കുന്നത് ; വിശദമാക്കാമോ ;

(ബി) ഇതിനുള്ള പദ്ധതികൾ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കാനുദ്ദേശിക്കുന്നു :

1. ബി.പി.എൽ. സർവ്വീസ് കണക്ഷനുകൾ
2. എച്ച്.റ്റി./എൽ.റ്റി. ലൈൻ നിർമ്മാണം
3. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ
4. 33 കെ.വി. സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം
5. ഏരിയൽ ബഞ്ച്ഡ് കേബിളുകൾ സ്ഥാപിക്കൽ തുടങ്ങിയവ.

(ബി) പദ്ധതിക്കുള്ള നീഡ് അസസ്സ്മെന്റ് ഡോക്യുമെന്റ് നോഡൽ ഏജൻസിയായ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന് (ആർ.ഇ.സി.) സമർപ്പിച്ചുകഴിഞ്ഞു. ആർ.ഇ.സി.-യിൽനിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) സമർപ്പിക്കും.